## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:13.12.2025**

1. തദ്ദേശ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് UDF തരംഗം. കൊല്ലം, കൊച്ചി, തൃശൂർ, കണ്ണൂർ കോർപ്പറേഷനുകളിൽ UDF ന് മുന്നേറ്റം. തിരുവനന്തപുരം കോർപ്പറേഷൻ NDA പിടിച്ചെടുത്തു.

2. ജില്ലാ പഞ്ചായത്തിൽ എൽഡിഎഫും യുഡിഎഫും ഒപ്പത്തിനൊപ്പം. നഗരസഭകളിൽ യുഡിഎഫിന് മേൽക്കൈ. ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിലും മുന്നേറ്റം കാഴ്ച വച്ച് യുഡിഎഫ്.

3. എൻ ഡി എ വിജയത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങൾ യു ഡി എഫിൽ അർപ്പിച്ച വിശ്വാസത്തിന് നന്ദി അറിയിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

4. കൂട്ടായ പരിശ്രമത്തിൻറെ ഫലമാണ് ഈ മുന്നേറ്റമെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. വികസിത കേരളം എന്ന ആശയത്തെ ജനങ്ങൾ സ്വീകരിച്ചതായി ബിജെപി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്ന് സിപിഐ(എം) സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ.

RNU TVPM

5. **മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി സാങ്കേതികവിദ്യ അടക്കം സർക്കാർ പ്രയോജനപ്പെടുത്തുന്നതായി ലക്ഷദ്വീപ് നിക്ഷേപക സംഗമത്തിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.**

*****************************

## തിരഞ്ഞെടുപ്പ് ജനറൽ

തദ്ദേശ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് UDF തരംഗം. ആറ് കോർപ്പറേഷനുകളിൽ കൊല്ലം, കൊച്ചി, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ UDF ഭരണം ഉറപ്പിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ LDF ൽ നിന്നും NDA പിടിച്ചെടുത്തു. കോഴിക്കോട് കോർപ്പറേഷനിൽ മാത്രമാണ് LDF-ന് മുന്നിലെത്താനായത്. തിരഞ്ഞെടുപ്പ് നടന്ന 86 നഗരസഭകളിൽ 54 ഇടത്താണ് UDF ന് മുന്നേറാനായത്. LDF 28 ഇടത്തും, NDA രണ്ട് നഗരസഭകളിലുമാണ് മുന്നിൽ. ജില്ലാപഞ്ചായത്തിൽ എൽ.ഡി.എഫും യുഡിഎഫും ഒപ്പത്തിനൊപ്പമാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ പഞ്ചായത്തുകൾ എൽഡിഎഫിന് ഒപ്പം നിന്നപ്പോൾ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, ജില്ലാ പഞ്ചായത്തുകളിൽ യുഡിഎഫ് മുന്നേറ്റമുണ്ടാക്കി. 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 79 ഇടത്ത് യുഡിഎഫും, 63 ബ്ലോക്കുകളിൽ എൽഡിഎഫും ആണ് മുന്നിലെത്തിയത്. 941 ഗ്രാമപഞ്ചായത്തുകളിൽ 504 ഇടത്തും യുഡിഎഫിനാണ് മുന്നേറ്റം. എൽഡിഎഫ് 341 ഇടത്തും എൻ.ഡി.എ 26 ഗ്രാമപഞ്ചായത്തുകളിലും മുന്നിലെത്തി.

PNU TVPM

*****************************

## തിരുവനന്തപുരം (ഇൻട്രോ)

തിരുവനന്തപുരം കോർപ്പറേഷനിൽ 50 വാർഡുകളിലും മുന്നേറ്റം കാഴ്ചവച്ചാണ് NDA ഭരണം പിടിച്ചെടുത്തത്. ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര, വർക്കല അടക്കം ജില്ലയിലെ നാല് നഗരസഭകളിലും, ജില്ലാപഞ്ചായത്തിലും എൽഡിഎഫിന് മുന്നിലെത്താൻ സാധിച്ചു. നഗരസഭയിലും ബ്ലോക്ക് പഞ്ചായത്തിലും ഉൾപ്പെടെ യുഡിഎഫും വലിയ മുന്നേറ്റം കാഴ്ച വച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയ്സ്)

*****************************

## കൊല്ലം

25 വർഷക്കാലമായി LDF ന്റെ അധികാരത്തിലായിരുന്ന കൊല്ലം കോർപ്പറേഷൻ പിടിച്ചെടുക്കാനായത് യുഡിഎഫിന് വലിയ നേട്ടമായി. കോർപ്പറേഷനിലെ 56 വാർഡുകളിൽ UDF -27 ഇടത്തും LDF - 16 ഇടത്തും NDA-12 വാർഡുകളിലുമാണ് മുന്നിലെത്തിയത്. ജില്ലയിലെ നാല് നഗരസഭകളിൽ കൊട്ടാരക്കരയിലും പുനലൂരും പരവൂരും എൽഡിഎഫ് മുന്നിലെത്തിയപ്പോൾ കരുനാഗപ്പള്ളി യുഡിഎഫ് പിടിച്ചെടുത്തു. ജില്ലാപഞ്ചായത്തിൽ എൽഡിഎഫിനാണ് മുന്നേറ്റം. 11 ബ്ലോക്ക് പഞ്ചായത്തിൽ 7 ഇടത്ത് എൽഡിഎഫും 3 ഇടത്ത് യുഡിഎഫും മുന്നിലെത്തി. 68 ഗ്രാമപഞ്ചായത്തുകളിൽ 33 ഇടത്ത് എൽഡിഎഫും, 32 ഇടത്ത് യുഡിഎഫും, 2 ഇടത്ത് എൻഡിഎയുമാണ് മുന്നിൽ.

*****************************

PIU TVPM

## പത്തനംതിട്ട

യുഡിഎഫിൻറെ ആധിപത്യമാണ് പത്തനംതിട്ട ജില്ലയിൽ കണ്ടത്. നാല് നഗരസഭകളിൽ, പത്തനംതിട്ടയിലും തിരുവല്ലയിലും അടൂരും യുഡിഎഫ് മുന്നിലെത്തിയപ്പോൾ പന്തളം നഗരസഭ എൽഡിഎഫ് പിടിച്ചെടുത്തു. ജില്ലാപഞ്ചായത്തിലും യുഡിഎഫിനാണ് മുന്നേറ്റം. 8 ബ്ലോക്ക് പഞ്ചായത്തിൽ 7 ഇടത്തും യുഡിഎഫ് ആണ് മുന്നിൽ. 53 ഗ്രാമപഞ്ചായത്തുകളിൽ 34 ഇടത്ത് യുഡിഎഫും, 11 ൽ എൽഡിഎഫും നാലിടത്ത് എൻഡിഎ യും മുന്നിലെത്തി.

******************************

## ആലപ്പുഴ

ആലപ്പുഴയിലെ ആറ് നഗരസഭകളിൽ 5 ഇടത്തും യുഡിഎഫ് ആണ് മുന്നിൽ. ചേർത്തല നഗരസഭയിൽ മാത്രമാണ് എൽഡിഎഫിന് മുന്നിലെത്താനായത്. ജില്ലാപഞ്ചായത്തിൽ എൽഡിഎഫിനാണ് മുന്നേറ്റം. 12 ബ്ലോക്ക് പഞ്ചായത്തിൽ 7 ഇടത്ത് എൽ.ഡി.എഫും, നാലിടത്ത് യുഡിഎഫും ആണ് മുന്നിലെത്തിയത്. 72 ഗ്രാമപഞ്ചായത്തുകളിൽ 36 ഇടത്ത് എൽഡിഎഫും, 23 ഇടത്ത് യുഡിഎഫും,5 ഇടത്ത് എൻഡിഎയും മുന്നിലാണ്.

PHUTVPM

******************************

## കോട്ടയം

കോട്ടയത്തെ ആറ് നഗരസഭകളിൽ കോട്ടയത്തും, ചങ്ങനാശ്ശേരിയിലും, ഏറ്റുമാനൂരും, വൈക്കത്തും യുഡിഎഫ് മുന്നിലെത്തി. പാലയിൽ എൽ.ഡിഎഫ് ആണ് മുന്നിൽ. ജില്ലാപഞ്ചായത്തിലും യുഡിഎഫിനാണ് മുന്നേറ്റം. 11 ബ്ലോക്ക് പഞ്ചായത്തുകളിൽ 9 ഇടത്തും യുഡിഎഫ് ആണ് മുന്നിൽ . 71

ഗ്രാമപഞ്ചായത്തുകളിൽ 44 ഇടത്ത് യുഡിഎഫും 19 ഇടത്ത് എൽഡിഎഫും, 3 ഇടത്ത് എൻഡിഎയും മുന്നിലെത്തി.

*****************************

## ഇടുക്കി

ഇടുക്കിയിലെ കട്ടപ്പന, തൊടുപുഴ നഗരസഭകളിൽ 2 ഇടത്തും യുഡിഎഫ് ആണ് മുന്നിൽ. ജില്ലാപഞ്ചായത്തിലും യുഡിഎഫിനാണ് മുന്നേറ്റം. 8 ബ്ലോക്ക് പഞ്ചായത്തിൽ 7 ഇടത്ത് യുഡിഎഫും ദേവികുളത്ത് എൽഡിഎഫും ആണ് മുന്നിലെത്തിയത്. 52 ഗ്രാമപഞ്ചായത്തുകളിൽ 36 ഇടത്ത് യുഡിഎഫും, 11 ഇടത്ത് എൽഡിഎഫുമാണ് മുന്നിൽ.

*****************************

## എറണാകുളം

കൊച്ചി കോർപ്പറേഷനിലെ 76 വാർഡുകളിൽ 46 സീറ്റ് നേടിയാണ് LDF ൽ നിന്നും ഭരണം പിടിച്ചെടുത്ത് യുഡിഎഫ് ശക്തമായ മടങ്ങിവരവ് നടത്തിയത്. എൽഡിഎഫ് 20 വാർഡിലും, എൻ ഡി എ 6 ഇടത്തുമാണ് മുന്നിൽ. എറണാകുളത്തെ 13 നഗരസഭകളിൽ 12 ഇടത്ത് യുഡിഎഫും തൃപ്പൂണിത്തുറയിൽ എൻഡിഎയും മുന്നിലെത്തി. ജില്ലാപഞ്ചായത്തിലും യുഡിഎഫിനാണ് മുന്നേറ്റം. 14 ബ്ലോക്ക് പഞ്ചായത്തുകളിൽ 12 ഇടത്തും യുഡിഎഫ് മുന്നിലെത്തി. 82 ഗ്രാമപഞ്ചായത്തുകളിൽ 66 ഇടത്ത് യുഡിഎഫും, 7 ഇടത്ത് എൽഡിഎഫും മുന്നിലാണ്. കിഴക്കമ്പലം പഞ്ചായത്തിൻറെ ഭരണം ട്വന്റി-20 മൂന്നാം തവണയും നിലനിർത്തി.

*****************************

RNU TVPM

## തൃശ്ശൂർ

തൃശ്ശൂർ കോർപ്പറേഷനിലെ 56 വാർഡുകളിൽ UDF - 33 ഇടത്ത് വിജയം നേടി ശക്തമായ തിരിച്ചുവരവ് നടത്തി. നിലവിൽ ഭരണത്തിലുണ്ടായിരുന്ന LDF ന് 11 ഇടത്ത് മാത്രമാണ് മുന്നേറാനായത്. NDA 8 വാർഡുകളിലാണ് മുന്നിലെത്തിയത്. തൃശ്ശൂരിലെ 7 നഗരസഭകളിൽ ചാവക്കാട്, ഗുരുവായൂർ, കൊടുങ്ങല്ലൂർ,കുന്നംകുളം, വടക്കാഞ്ചേരി എന്നിവ എൽഡിഎഫിനൊപ്പം നിന്നപ്പോൾ ചാലക്കുടിയും ഇരിങ്ങാലക്കുടയും യുഡിഎഫിനെ പിന്തുണച്ചു. ജില്ലാപഞ്ചായത്തിൽ എൽഡിഎഫിനാണ് മുന്നേറ്റം. 16 ബ്ലോക്ക് പഞ്ചായത്തുകളിൽ 10 ഇടത്ത് എൽഡിഎഫും 5 ഇടത്ത് യുഡിഎഫും മുന്നിലെത്തി. 86 ഗ്രാമപഞ്ചായത്തുകളിൽ 44 ഇടത്ത് എൽഡിഎഫും 34 ഇടത്ത് യുഡിഎഫുമാണ് മുന്നിൽ.

RNU TVPM

******************************

## പാലക്കാട് (ഇൻട്രോ)

ഇടതു കോട്ടയായ പാലക്കാട് ജില്ലയിലും യു.ഡി.എഫ് നേട്ടമുണ്ടാക്കിയിരിക്കുന്നു എന്നതാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിക്കുന്നത്. എൻ.ഡി.എ യ്ക്കും ജില്ലയിൽ സീറ്റ് വർധിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

******************************

## മലപ്പുറം

മലപ്പുറത്തെ 12 നഗരസഭകളിൽ 11 ഇടത്തും യുഡിഎഫ് ആണ് മുന്നിൽ. പൊന്നാനി നഗരസഭ എൽഡിഎഫ് നിലനിർത്തി. ജില്ലാ

പഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും, ഗ്രാമപഞ്ചായത്തിലുമടക്കം മേൽക്കൈ നേടി യുഡിഎഫ് ജില്ലയിൽ സമഗ്രാധിപത്യം പുലർത്തുകയാണ്.

****************************

## കോഴിക്കോട്

കോഴിക്കോട് കോർപ്പറേഷനിൽ എൽഡിഎഫ് മേൽക്കൈ നേടിയെങ്കിലും 76 വാർഡുകളിൽ 34 ഇടത്ത് മാത്രമാണ് മുന്നേറാൻ സാധിച്ചത്. UDF - 26 ഇടത്തും NDA- 13 വാർഡുകളിലും മുന്നിലെത്തി. 7 നഗരസഭകളിൽ രാമനാട്ടുകര, ഫറോക്ക്, പയ്യോളി, കൊടുവള്ളി ഉൾപ്പെടെ 4 ഇടത്ത് യുഡിഎഫും, 3 ഇടത്ത് എൽഡിഎഫും, ആണ് മുന്നിൽ. ജില്ലാപഞ്ചായത്തിൽ യുഡിഎഫിനാണ് മുന്നേറ്റം. 12 ബ്ലോക്ക് പഞ്ചായത്തുകളിൽ 8 ഇടത്ത് എൽഡിഎഫും, 2 ഇടത്ത് യുഡിഎഫും മുന്നിലെത്തി. 70 ഗ്രാമപഞ്ചായത്തുകളിൽ, 39 ൽ യുഡിഫും, 27 ഇടങ്ങളിൽ എൽഡിഎഫും മുന്നിലാണ്.

RNU TVPM

****************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ കോർപ്പറേഷനിൽ ഉൾപ്പെടെ ജില്ലയിൽ യുഡിഎഫ് വലിയ മുന്നേറ്റമാണ് കാഴ്ചവച്ചത്. എൻഡിഎക്കും ജില്ലയിൽ നേട്ടമുണ്ടാക്കാൻ സാധിച്ചു.

**വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ...........**

(വോയ്സ്)

****************************

## വയനാട്

വയനാട്ടിലെ 3 നഗരസഭകളിൽ ബത്തേരിയിലും, മാനന്തവാടിയിലും യുഡിഎഫും, കൽപ്പറ്റയിൽ എൽഡിഎഫും ആണ് മുന്നിൽ. ജില്ലാപഞ്ചായത്തിൽ യുഡിഎഫിനാണ് മുന്നേറ്റം. 4 ബ്ലോക്ക് പഞ്ചായത്തിൽ എല്ലായിടത്തും യുഡിഎഫ് ആണ് മുന്നിലെത്തിയത്. 23 ഗ്രാമപഞ്ചായത്തുകളിൽ, 15 ഇടത്തും യുഡിഎഫിനാണ് മേൽക്കൈ.

******************************

## കാസർഗോഡ്-ജനറൽ

കാസർഗോഡ് ജില്ലാ പഞ്ചായത്ത് എൽ.ഡി.എഫ് നിലനിർത്തി. കാസർഗോഡ് നഗരസഭയിൽ യുഡിഎഫും, നീലേശ്വരത്ത് എൽഡിഎഫും മുന്നിലെത്തി. 6 ബ്ലോക്ക് പഞ്ചായത്തിൽ 4 ഇടത്ത് എൽഡിഎഫും, 2 ഇടത്ത് യുഡിഎഫും ആണ് ലീഡ് ചെയ്യുന്നത്. 38 ഗ്രാമപഞ്ചായത്തുകളിൽ, 17 ഇടത്ത് യുഡിഎഫും , 13 ഇടത്ത് എൽ ഡിഎഫും 3 ഇടത്ത് എൻഡിഎയും ആണ് മുന്നിലെത്തിയത്.

RNU TVPM

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

******************************

## പ്രമുഖർ

തിരുവനന്തപുരം കോർപ്പറേഷനിൽ കവടിയാറിൽ മുൻ എംഎൽഎ കോൺഗ്രസിന്റെ കെ എസ് ശബരീനാഥൻ വിജയിച്ചു. ശാസ്തമംഗലം വാർഡിൽ ബിജെപി സ്ഥാനാർത്ഥി മുൻ ഡിജിപി ആർ ശ്രീലേഖ വിജയം നേടി. മുട്ടട വാർഡിൽ കോൺഗ്രസിൻറെ

വൈഷ്ണ സുരേഷിനാണ് വിജയം. തൃശ്ശൂർ അടാട്ട് പഞ്ചായത്തിൽ മുൻ എംഎൽഎ കോൺഗ്രസിന്റെ അനിൽ അക്കര വിജയിച്ചു. മുതിർന്ന കൊൺഗ്രസ് നേതാവും മുൻ എം എൽ എ യുമായ ഇ. എം അഗസ്റ്റി കട്ടപ്പനയിൽ പരാജയപ്പെട്ടു. കൊല്ലത്ത് നിലവിലെ മേയർ എൽഡിഎഫിൻ്റെ ഹണി ബെഞ്ചമിൻ പരാജയപ്പെട്ടു.

******************************

## അഭിനന്ദനം- പ്രധാനമന്ത്രി, രാഹുൽഗാന്ധി

തിരുവനന്തപുരം കോർപ്പറേഷനിലെ എൻ ഡി എ യുടെ വിജയത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. സംസ്ഥാനത്തിൻ്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ എൻ.ഡി.എ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. തദ്ദേശ തിരഞ്ഞെടുപ്പിൽ ജനങ്ങൾ യു ഡി എഫിൽ അർപ്പിച്ച വിശ്വാസത്തിന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നന്ദി അറിയിച്ചു. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയം നേടാൻ യു ഡി എഫിന് ഇത് പ്രചോദനം നല്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

******************************

## വി.ഡി.സതീശൻ (ഇൻട്രോ)

കൂട്ടായ പരിശ്രമത്തിൻ്റെ ഫലമാണ് യുഡിഎഫിൻ്റെ മുന്നേറ്റമെന്നും ജനങ്ങളുടെ പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നതായും കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പിൽ യു ഡി എഫിന് ഉജ്ജ്വല മുന്നേറ്റം നല്കിയ ജനങ്ങൾക്ക് നന്ദി അറിയിക്കുന്നതായി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ അറിയിച്ചു. പ്രതിപക്ഷം മുന്നോട്ടുവച്ച വിഷയങ്ങൾ ജനങ്ങൾ ഗൗരവമായി കണ്ട് ചർച്ച ചെയ്യതാണ് ഈ വിജയത്തിന് കാരണമെന്ന അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(വോയ്സ്)

വമ്പിച്ച ജനകീയ മുന്നേറ്റമാണ് യുഡിഎഫ് നേടിയതെന്നും എൽഡിഎഫിൻറെ ശക്തികേന്ദ്രങ്ങളടക്കം പിടിച്ചെടുക്കാൻ ഐക്യ ജനാധിപത്യ മുന്നണിയ്ക്ക് സാധിച്ചതായും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പ്രതികരിച്ചു.

******************************

## രാജീവ് ചന്ദ്രശേഖർ (ഇൻട്രോ)

ബിജെപിയും എൻ.ഡി.എയും മുന്നോട്ട് വെച്ച വികസിത കേരളം എന്ന ആശയത്തെ ജനങ്ങൾ സ്വീകരിച്ചതിൻറെ ഫലമാണ് തിരുവന്തപുരം കോർപ്പറേഷനിൽ ഉൾപ്പെടെ കാണാൻ കഴിഞ്ഞതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. നിയമസഭ തിരഞ്ഞെടുപ്പിലും മുന്നേറ്റം ആവർത്തിക്കുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു.

(വോയ്സ്)

PRD TVPM

എൻഡിഎയുടെ വികസനപ്രവർത്തനങ്ങൾ ജനങ്ങൾ തിരിച്ചറിഞ്ഞതിൻറെ തെളിവാണ് തിരുവനന്തപുരത്തെ വിജയമെന്ന് ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ പറഞ്ഞു.

******************************

## എം വി ഗോവിന്ദൻ (ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പിൽ എൽ ഡി എഫിന് അപ്രതീക്ഷിത തിരിച്ചടിയാണുണ്ടായതെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. ഇത് സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്നും അദ്ദേഹം

പ്രതികരിച്ചു. .

( വോയിസ് )

ജനവിധി തിരിച്ചടിയായതത് എന്തുകൊണ്ടാണെന്ന് പഠിക്കുമെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പ്രതികരിച്ചു

******************************

<u>ലക്ഷദ്വീപ് - നിക്ഷേപക സംഗമം(ഇൻട്രോ)</u>

ലക്ഷദ്വീപ് ഭരണകൂടവുമായി സഹകരിച്ച് ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമം ഇന്ന് ബംഗാരം ദ്വീപിൽ നടന്നു. കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ, എസ്.പി. സിംഗ് ബാഗേൽ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ എന്നിവർ ചേർന്ന് സംഗമം ഉദ്ഘാടനം ചെയ്തു. ഐ റ്റി കഴിഞ്ഞാൽ രാജ്യത്ത് ഏറ്റവും കൂടുതൽ വളർച്ച കൈവരിക്കുന്ന മേഖലയാണ്, സമുദ്ര മത്സ്യബന്ധന രംഗമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഈ മേഖലയുടെ വികസനത്തിനായി സാങ്കേതികവിദ്യ അടക്കമുള്ളവ പ്രയോജനപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

ലക്ഷദ്വീപിന്റെ മത്സ്യബന്ധന സാധ്യതകൾ , ദ്വീപ് വികസനം എന്നിവയ്ക്കുള്ള സുപ്രധാനമായ ചുവടുവയ്പ്പാണ് നിക്ഷേപക സംഗമം.

******************************

## ഐ എഫ് എഫ് കെ

30-മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ രണ്ടാം ദിനമായ ഇന്ന്, 72 ചിത്രങ്ങളാണ് പ്രദർശനത്തിനെത്തുന്നത്. പാർക്ക് ചാൻ വൂക്കിൻറെ നോ അദർ ചോയിസ്, ജൂലിയ ഡ്യുകോർണു ചിത്രം ആൽഫ എന്നിവ നിശാഗന്ധിയിൽ ഇന്ന് പ്രദർശിപ്പിക്കുന്നുണ്ട്. തിയേറ്ററുകളിൽ വലിയ തോതിലുള്ള പ്രേക്ഷക തിരക്കാണ് അനുഭവപ്പെടുന്നത്.

*****************************

## വിനേഷ് ഫോഗട്ട്

മത്സര ഗുസ്തിയിലേക്കുള്ള തിരിച്ചുവരവ് പ്രഖ്യാപിച്ച് ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ട്. ഒളിമ്പിക് ഗെയിംസിൽ നാലാം തവണയും പങ്കെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സോഷ്യൽ മീഡിയ അക്കൗണ്ടിലൂടെയുള്ള പ്രഖ്യാപനം .

RNU TVPM

*****************************

## മെസ്സി -കൊൽക്കത്ത

ഫുട്ബോൾ ആരാധകരിൽ ആവേശമുയർത്തി അർജൻറീനിയൻ ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി ഇന്ന് പുലർച്ചെ കൊൽക്കത്തയിലെത്തി. ആയിരക്കണക്കിന് ആരാധകരാണ് മെസ്സിയെ ഒരുനോക്ക് കാണാൻ വിമാനത്താവളത്തിൽ അണിനിരന്നത്. ഇന്ത്യയിൽ മൂന്ന് ദിവസം പര്യടനം നടത്തുന്ന മെസ്സിയും സംഘവും കൊൽക്കത്തയ്ക്ക് പുറമേ, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നീ നഗരങ്ങളിലും വിവിധ പരിപാടികളിൽ പങ്കെടുക്കും. പതിനാല് വർഷത്തിന് ശേഷമാണ് മെസ്സി ഇന്ത്യ സന്ദർശിക്കുന്നത്.

***************************************************************************
**************